**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4440** **01-07-2024 - ൽ മറുപടിയ്ക്ക്**

**കട്ടിപ്പാറ വ്യവസായ എസ്റ്റേറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറയിലുള്ള വ്യവസായ വകുപ്പിന്റെ ഭൂമിയിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി ഏതു വരെയായെന്ന് വിശദമാക്കാമോ? | (എ) | കോഴിക്കോട് ജില്ലയിൽ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ രാരോത്ത് വില്ലേജിൽ ഉൾപ്പെട്ട 20.43 ഏക്കർ ഭൂമി 89 പ്ലോട്ടുകളായി തിരിച്ച് കട്ടിപ്പാറ വ്യവസായ എസ്റ്റേറ്റിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഈ നിർമ്മാണം രണ്ട് ഘട്ടങ്ങളായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ ആഭ്യന്തര റോഡ്, ഡ്രെയിനേജ്, കൾവേർട്ട്, റീട്ടെയിനിംഗ് വാൾ, റോഡ് മാർക്കിംഗ് എന്നീ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>നിലവിൽ ഈ വ്യവസായ എസ്റ്റേറ്റിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങളാണ് നടക്കുന്നത്. രണ്ടാം ഘട്ടത്തിൽ Overhead Tank, Sump, Pump Room, Compound Wall, Fencing, Piping, Electrical Work എന്നിവ പൂർത്തിയായിട്ടുണ്ട്.<br><br>വ്യവസായ എസ്റ്റേറ്റിലെ പ്ലോട്ടുകൾ സംരംഭകർക്ക് അലോട്ട് ചെയ്യുന്നതിന് മുമ്പായി ചെയ്ത് തീർക്കേണ്ട മറ്റ് പ്രവർത്തികൾ താഴെ ചേർക്കുന്നു :-<br><br>1. അപ്രോച്ച് റോഡ് നിർമ്മാണം :- ഇതിനായി 1,09,50,000/- രൂപയുടെ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>2. ജലലഭ്യത ഉറപ്പ് വരുത്തൽ :- എസ്റ്റേറ്റിൽ ജലലഭ്യത ഉറപ്പ് വരുത്തുന്നതിലേക്കുള്ള സാധ്യതകൾ പരിശോധിക്കുന്നതിലേക്കായി KWA പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർക്ക് വിവരം കൈമാറിയിട്ടുണ്ട്.<br><br>3. ഓഫീസ് കെട്ടിട നിർമ്മാണം<br><br>4. ഗ്രൗണ്ട് ലവലിംഗ്<br><br>5. മരം മുറിക്കൽ |

| | | | |
|---|---|---|---|
| | | | 6. ഇലക്ട്രിക്കൽ എനർജൈസേഷൻ<br><br>7. ഇലക്ട്രിക്കൽ ആസ്തികൾ കെ.എസ്.ഇ.ബി-യ്ക്ക് കൈമാറൽ :- ഇലക്ട്രിക്കൽ ആസ്തികൾ കെ.എസ്.ഇ.ബി-യ്ക്ക് കൈമാറുന്നതിന് മുന്നോടിയായുള്ള സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്.<br><br>8. അതിർത്തി നിർണ്ണയിച്ച് പ്ലോട്ട് തിരിക്കൽ |

സെക്ഷൻ ഓഫീസർ